"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുന്തൽമണ്ണ നഗരസഭയുടെ 6.93 ഏക്കർ സ്ഥലത്ത് ലൈഫ് മിഷൻ മൂന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 400 പേർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി മൂന്നാം ഗഡു തുകയായി 5 കോടി രൂപ അനുവദിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Ms)No.176/2020/LSGD തീയതി,തിരുവനന്തപുരം, 06/11/2020

പരാമർശം:- 1 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/11/2018-തീയതിലെ എൽ.എം/പി.ഡബ്ല്യൂ/3785/ലൈഫ് അപ്പാർട്ടുമെന്റ്/2018 നമ്പർ ഉത്തരവ്.

2 സ.ഉ(സാധാ) നം 1453/2019/ത.സ്വ.ഭ.വ, തീയതി 11/07/2019.

3 സ.ഉ.(സാധാ)നം. 1051/2020/ത.സ്വ.ഭ.വ. തീയതി 04/06/2020.

4 പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറിയുടെ 26/08/2020 തീയതിയിലെ പി.സി3/2886/17 നം കത്ത്.

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/10/2020-ലെ LM/EW/3785/LIFE Apartment-Perinthalmanna/2018 നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.93 ഏക്കർ സ്ഥലത്ത് ലൈഫ് മിഷൻ മൂന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 400 പേർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി പരാമർ ശം (1) പ്രകാരം 20 കോടി രൂപ അനുവദിക്കുകയും പരാമർശം (2) പ്രകാരം ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

ടി പദ്ധതിയുടെ സാങ്കേതിക അനുമതിക്കും മേൽനോട്ടത്തിനും സർക്കാർ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതി പദ്ധതിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം പ്രവൃത്തി ആരംഭിക്കാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും നഗരസഭ സെക്രട്ടറിയും തമ്മിൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തുവെന്നും കരാറനുസരിച്ച് രണ്ടാമത്തെ ഗഡു 5 കോടി രൂപ പരാമർ ശം (3) പ്രകാരം നഗരസഭയ്ക്ക് നൽകിയിട്ടുള്ളതും ടി തുകയുടെ ധനവിനിയോഗ പത്രം 26/08/2020-ലെ പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറിയുടെ പരാമർശം ( 4 ) പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാണ് എന്നും 10/10/2019-ലെ കരാർ ഉടമ്പടി പ്രകാരം ഭവന സമുച്ചയനിർമ്മാണ പ്രവൃത്തിയുടെ 50% പണി പൂർത്തീകരിക്കുകയും നഗരസഭ സെക്രട്ടറി സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും മൂന്നാം ഗഡുവിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ടി പ്രവൃത്തിയുടെ 55.96% പണി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുവദിക്കാവുന്ന മൂന്നാം ഗഡു തുകയായ 5 കോടി രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.93 ഏക്കർ സ്ഥലത്ത് ലൈഫ് മിഷൻ മൂന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 400

പേർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി മൂന്നാം ഗഡു തുകയായി 5 കോടി രൂപ 4217-60-051-95(PV)എന്ന ശീർഷകത്തിൽ നിന്നും പെരിന്തൽമണ്ണ ട്രഷറി ബ്രാഞ്ചിലുള്ള നഗരസഭയുടെ അക്കൗണ്ടായ എൽ.ജി.ടി.എസ്.ബി- 799013000000588 -ാം നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ധനകാര്യവകുപ്പ്(2/11/2020-ലെ ഡെവ-2/217/2019-ഫിൻ പ്രകാരം)

സെക്രട്ടറി/പ്രസിഡന്റ്, പെരിന്തൽമണ്ണ നഗരസഭ.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.11.06 18:29:20 IST
Reason: Approved
സെക്ഷൻ ഓഫീസർ